പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5387 23.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ജപ്തി നോട്ടീസ്

ചോദ്യം

ശ്രീ. സണ്ണി ജോസഫ്

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളത്തിൽ പിടിക്കുന്ന വായ്പാവിഹിതം ധനകാര്യസ്ഥാപനങ്ങളിൽ അടയ്ക്കുന്നതിൽ മാനേജ്മെന്റ് വീഴ്ച വരുത്തിയത് മൂലം ജീവനക്കാർക്ക് ജപ്തി നോട്ടീസ് ലഭിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (എ) | ഉണ്ടായിട്ടുണ്ട്. |
| (ബി) | ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിച്ച ഇൻഷുറൻസ് പ്രമീയവും കൃത്യമായി അടയ്ക്കുന്നില്ലായെന്നത് വസ്തുതയോണോ; | (ബി) | വസ്തുതയാണ്. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 2016 നവംബർ മുതൽ 2017 ഫെബ്രുവരി വരെ ഇൻഷുറൻസ് പ്രീമിയം ഇനത്തിൽ റിക്കവറി ചെയ്ത തുകയും 2017 ഏപ്രിൽ മാസത്തെ ശമ്പളത്തിൽ നിന്നും റിക്കവറി ചെയ്ത തുകയും എൽ.ഐ.സി.യിൽ ഒടുക്കിയിട്ടില്ല. |
| (സി) | ഇത്തരത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിച്ച എത്ര കോടി രൂപയാണ് മാനേജ്മെന്റ് കുടിശ്ശികയാക്കിയിട്ടുള്ളത്.<br>കുടിശ്ശിക തുക കൃത്യമായി അടച്ച് ജീവനക്കാരെ ജപ്തി നടപടികളിൽ നിന്നും മോചിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഇൻഷുറൻസ് പ്രീമിയം ഇനത്തിൽ ടി മാസങ്ങളിൽ റിക്കവറി ചെയ്ത 4,78,22,000/- രൂപ എൽ.ഐ.സി.യിൽ ഒടുക്കിയിട്ടില്ല. വിവിധ ധനകാര്യസ്ഥാപനങ്ങളിലേക്ക് ഒടുക്കുന്നതിനായി ജീവനക്കാരുടെ ഏപ്രിൽ മാസത്തെ ശമ്പളത്തിൽ നിന്നും കുറവു ചെയ്ത 83,28,000/- രൂപ ബന്ധപ്പെട്ട ധനകാര്യസ്ഥാപനങ്ങളിൽ ഒടുക്കാൻ സാധിച്ചിട്ടില്ല. ടി തുക പൂർണ്ണമായും ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**